**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1523** **01-02-2024 - ൽ മറുപടിയ്ക്ക്**

**വിഷൻ ആന്റ് മിഷൻ പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റവന്യൂ വകുപ്പിന്റെ വിഷൻ ആന്റ് മിഷൻ പരിപാടി പൂർണ്ണ ലക്ഷ്യപ്രാപ്തി കൈവരിച്ചുവെന്ന് അഭിപ്രായമുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | റവന്യൂ വകുപ്പിൽ സമഗ്രമായ മാറ്റം വരുത്തുന്നതിലേക്കായി 2021 ൽ<br><br>"വിഷൻ & മിഷൻ 2021-26 എന്ന പദ്ധതി നടപ്പിലാക്കിയിട്ടുള്ളതാണ്. ജില്ലകളിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾക്ക് വേഗത കൂട്ടുന്നതിനും നയപരമായ തീരുമാനം എടുക്കേണ്ട വിഷയങ്ങളിൽ ആശയം സ്വരൂപിക്കുന്നതിലേക്കായും എല്ലാ ജില്ലകളിലെയും ബഹു. നിയമസഭാ സാമാജികരുടെയും ഉദ്യോഗസ്ഥ പ്രതിനിധികളുടെയും യോഗം ജില്ലാ അടിസ്ഥാനത്തിൽ 2021,2022,2023 വർഷങ്ങളിൽ തിരുവനന്തപുരം ഐ.എൽ.ഡി.എം.-ൽ വച്ച് കൂടിയിരുന്നു. പ്രസ്തുത യോഗങ്ങളിൽ ബഹു. നിയമസഭാ സാമാജികർ തങ്ങളുടെ മണ്ഡലവുമായി ബന്ധപ്പെട്ടും അല്ലാതെയും ഉന്നയിച്ച അഭിപ്രായങ്ങൾ, ആശയങ്ങൾ, അപേക്ഷകൾ, നിർദ്ദേശങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി റവന്യൂ ഡാഷ് ബോർഡ് തയ്യാറാക്കിയിട്ടുള്ളതാണ്. ആയതിൽ സർക്കാർ നയപരമായി തീരുമാനമെടുക്കേണ്ടവയും കോടതിയുടെ പരിഗണനയിലായിരിക്കുന്നവയും ഒഴിച്ച് ബാക്കിയുള്ളവയെല്ലാം തന്നെ തീർപ്പാക്കിയിട്ടുള്ളതാണ്. ജില്ലാ റവന്യൂ അസംബ്ലി കാരണം റവന്യൂ ഭവന നിർമ്മാണ വകുപ്പുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾക്കും ജനക്ഷേമ പദ്ധതികൾക്കും ഗതിവേഗം കൈവന്നിട്ടുള്ളതാണ്. റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് വേഗത കൈവരുത്തുന്നതിനും ജനക്ഷേമ പ്രവർത്തനങ്ങൾക്ക് കൃത്യത ഉറപ്പ് വരുത്തുന്നതിനും വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നവീകരണത്തിനും ഇതുവഴി കഴിഞ്ഞിട്ടുള്ളതാണ്. |
| (ബി) | എറണാകുളം ജില്ലയിൽ ഏറ്റവും അവസാനം നടത്തിയ വിഷൻ ആന്റ് മിഷനിൽ അങ്കമാലി | (ബി) | ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച് എറണാകുളം ജില്ലാ കളക്ടർ ലഭ്യമാക്കിയ |

| | | | |
|---|---|---|---|
| | മണ്ഡലത്തെ പ്രതിനിധീകരിച്ച് എട്ട് ആവശ്യങ്ങൾ ഉന്നയിച്ച് നൽകിയ കുറിപ്പിൽ സീരിയൽ നമ്പർ 4, 5 ഒഴികെ ബാക്കി വിഷയങ്ങളിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; ഈ നിവേദനത്തിൽ ഉന്നയിച്ച വിവിധ ആവശ്യങ്ങൾ വിഷൻ ആന്റ് മിഷൻ ആരംഭിച്ച വർഷം മുതൽ പരിഗണിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | റവന്യൂ പുറമ്പോക്കുകളിൽ ഭാവിയിൽ വികസനത്തിന് തടസ്സം വരാതെയും കൈയേറ്റങ്ങൾ ഒഴിവാക്കുന്ന തരത്തിൽ ചുറ്റും കമ്പിവേലി കെട്ടി തിരിച്ച് പ്രസ്തുത സ്ഥലങ്ങൾ എം.എൽ.എ. മാരുടെ വികസന ഫണ്ട് വിനിയോഗിച്ച് കുട്ടികൾക്ക് കളിക്കളം നിർമ്മിക്കുവാൻ കളക്ടർമാർക്ക് എൻ.ഒ.സി. നൽകുന്ന തരത്തിൽ ഒരു പൊതു ഉത്തരവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (സി) | റവന്യൂ പുറമ്പോക്ക് ഭൂമികയ്യേറ്റങ്ങളിൽ നിന്നും ഒഴിപ്പിച്ചെടുത്ത് സംരക്ഷിച്ചുവരുന്ന പ്രവൃത്തിയാണ് കേരള ഭൂസംരക്ഷണ നിയമം 1957 പ്രകാരം സ്വീകരിച്ച വരുന്നത്. പ്രസ്തുതഭൂമി കയ്യേറ്റങ്ങൾ ഒഴിവാക്കുന്ന തരത്തിൽ ചുറ്റും കമ്പിവേലി കെട്ടിസംരക്ഷിച്ചുവരുന്നു. എന്നാൽ ടി ഭൂമി എം .എൽ.എ മാരുടെ വികസന ഫണ്ട് വിനിയോഗിച്ച് കുട്ടികൾക്ക് കളിക്കളം നിർമ്മിക്കുവാൻ കളക്ടർമാർക്ക് എൻ.ഒ.സി നൽകുന്ന തരത്തിൽ ഒരു പൊതു ഉത്തരവ് നൽകുന്ന വിഷയത്തിന്റെ സാധ്യത സംബന്ധിച്ച് വിശദമായ പരിശോധനകൾ നടത്തിയാൽ മാത്രമേ നയപരമായ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. |
| (ഡി) | പ്രസ്തുത വിഷയം സംബന്ധിച്ച് വിഷൻ ആന്റ് മിഷനിൽ ഉന്നയിച്ചിട്ടുള്ള കാര്യത്തിൽ തീരുമാനം അടിയന്തിരമായി സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടാകുമോ; ഇത് സംബന്ധിച്ച് ഉറപ്പ് ലഭ്യമാക്കുമോ; | (ഡി) | റവന്യൂ പുറമ്പോക്ക് ഭൂമികയ്യേറ്റങ്ങളിൽ നിന്നും ഒഴിപ്പിച്ചെടുത്ത് സംരക്ഷിച്ചുവരുന്ന പ്രവൃത്തിയാണ് കേരള ഭൂസംരക്ഷണ നിയമം 1957 പ്രകാരം സ്വീകരിച്ച വരുന്നത്. പ്രസ്തുതഭൂമി കയ്യേറ്റങ്ങൾ ഒഴിവാക്കുന്ന തരത്തിൽ ചുറ്റും കമ്പിവേലി കെട്ടിസംരക്ഷിച്ചുവരുന്നു. എന്നാൽ ടി ഭൂമി എം .എൽ.എ മാരുടെ വികസന ഫണ്ട് വിനിയോഗിച്ച് കുട്ടികൾക്ക് കളിക്കളം നിർമ്മിക്കുവാൻ കളക്ടർമാർക്ക് എൻ.ഒ.സി നൽകുന്ന തരത്തിൽ ഒരു പൊതു ഉത്തരവ് നൽകുന്ന വിഷയത്തിന്റെ സാധ്യത സംബന്ധിച്ച് വിശദമായ പരിശോധനകൾ നടത്തിയാൽ മാത്രമേ നയപരമായ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. |
| (ഇ) | അങ്കമാലി ബൈപ്പാസിന്റെ ഭൂമി ഏറ്റെടുക്കുന്ന നടപടി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്നും അറിയിക്കുമോ; വിശദമാക്കുമോ? | (ഇ) | അങ്കമാലി-കൊച്ചി എയർപോർട്ട് ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് അങ്കമാലി, കറുകുറ്റി വില്ലേജുകളിലെ വിവിധ സർവ്വെ നമ്പരുകളിൽപ്പെട്ട 749.71 ആർസ് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹിക പ്രത്യാഘാത പഠനം നടത്തിയിട്ടുള്ളതും, പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കലുമായി മുന്നോട്ട് പോകുന്നതിനുള്ള സമുചിത സർക്കാർ തീരുമാനം കൈക്കൊണ്ട് 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതും നിലവിൽ സർവ്വെ സബ് ഡിവിഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | | സർവ്വെയർ തയ്യാറാക്കിയ സർവ്വെ സബ് ഡിവിഷൻ റിക്കാർഡുകൾക്ക് അംഗീകാരം നൽകുന്നതിന് റിക്കാർഡുകൾ ജില്ലാ സർവ്വെ സൂപ്രണ്ടിന് സമർപ്പിച്ചിട്ടുള്ളതും അവയിൽ 4 സർവ്വെ ഫീൽഡുകൾക്ക് മേൽപരിശോധന ആവശ്യമുള്ളതും 5 സർവ്വെ ഫീൽഡുകൾക്ക് ഏരിയ/ഫിൽഡ് ആൾട്ടറേഷനുള്ളതും ആയതിന് സർവ്വെ ഡെപ്യൂട്ടി ഡയറക്ടറുടെ അംഗീകാരം ലഭിക്കേണ്ടതുമാണ്.<br><br>11(1) നോട്ടിഫിക്കേഷനിൽ ഉൾപ്പെടാതെ പോയിട്ടുള്ള 15 സർവ്വെ നമ്പരുകൾ ഉൾപ്പെടുത്തി കൂട്ടിച്ചേർക്കൽ വിജ്ഞാപനം 08.01.2024 -ലെ 98 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും നടപടികൾ തുടർന്നു വരുന്നതുമാണ്. അങ്കമാലി വില്ലേജ് ബ്ലോക്ക് നമ്പർ 11 റീസർവ്വെ നമ്പർ 319/11-ൽ പ്പെട്ട ഭൂമിയുടെ ബി.റ്റി.ആർ സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് ആലുവ എൽ.ആർ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഭൂമി ഏറ്റെടുക്കുന്നതിനുള്ള അവാർഡ് തുക നാളിതുവരെ അർത്ഥനാധികാരിയിൽ നിന്നും ലഭ്യമായിട്ടില്ലാത്തതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് 19(1) പ്രഖ്യാപനം പുറപ്പെടുവിച്ച് അവാർഡ് പാസാക്കി സമയബന്ധിതമായി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് സ്ഥലം വികസന പ്രവർത്തനങ്ങൾക്ക് അർത്ഥനാധികാരിക്ക് കൈമാറുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**1. അങ്കമാലി തുറവൂർ വില്ലേജിൽ 3.5 ഏക്കർ സർക്കാർ പുറമ്പോക്ക് സ്വകാര്യ വ്യക്തി കൈവശം വച്ചിരിക്കുന്നത് തിരികെ പിടിക്കുന്നത് സംബന്ധിച്ച്**

തുറവൂർ വില്ലേജിൽ മൂന്നര ഏക്കർ പുറമ്പോക്ക് ഭൂമി കൈയ്യേറിയത് ഒഴിപ്പിക്കുന്നതിന് സീ-12101/13 നമ്പറായി 28.02.17 ന് ആലുവ താലൂക്കിൽ നിന്നും ഒഴിപ്പിക്കൽ ഉത്തരവ് നൽകിയിരുന്നതും ആയതിനെതിരെ കൈയ്യേറ്റ കക്ഷി ശ്രീമതി കുഞ്ഞമ്മ ആൻറണി റവന്യൂ ഡിവിഷണൽ ഓഫീസർ ഫോർട്ട് കൊച്ചി മുമ്പാകെ നൽകിയ അപേക്ഷയും ജില്ലാ കളക്ടർ മുമ്പാകെ നൽകിയ റിവിഷൻ ഹർജിയും നിരസിച്ചിട്ടുള്ളതും ജില്ലാ കളക്ടറുടെ റിവിഷൻ ഉത്തരവിനെതിരെ ശ്രീമതി കുഞ്ഞമ്മ ആൻറണി ഡബ്ല്യൂ.പി(സി) 8795/ 20 നം. ആയി ബഹു ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്തിട്ടുള്ളതും ഒഴിപ്പിക്കൽ നടപടി സ്റ്റേ ചെയ്തിട്ടുള്ളതുമാണ്. മേൽ കേസിൽ തഹസിൽദാർ എതിർകക്ഷി അല്ലാത്തതിനാൽ സ്റ്റേ നീക്കം ചെയ്യുന്ന നടപടികൾക്കായി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളതും ജില്ലാ കളക്ടറുടെ എൽ 8-2081/20 നം. ഫയൽ പ്രകാരം അഫിഡവിറ്റ് ഫയൽ ചെയ്ത് നടപടിയിലിരിക്കുന്നതുമാണ്. സ്റ്റേ നീക്കം ചെയ്തു ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഒഴിപ്പിക്കൽ നടപടികൾ സാധിക്കുകയുള്ളൂ.

**2. അയ്യമ്പുഴ വില്ലേജിൽ പാണ്ടുപാറയിലെ 120 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് ശാശ്വത പരിഹാരം കാണുന്നത് സംബന്ധിച്ച്-**

ആലുവ താലൂക്ക് അയ്യമ്പുഴ വില്ലേജിലെ 189 മുതൽ 197 വരെയും 200 മുതൽ 214 വരെയുള്ള സർവ്വേ നമ്പറുകൾ, റീ സർവ്വേ നമ്പറുകൾ ബിടിആറിൽ സർക്കാർ - വനം എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് നീക്കി പുറമ്പോക്ക് എന്ന് മാറ്റി ഉത്തരവായിരുന്നതാണ്. ടി സർവ്വെ നമ്പറുകളിലുള്ള കൈവശക്കാരുടെ സ്ഥലങ്ങൾ പരിശോധിച്ച് നിലവിലെ കൈവശക്കാരുടെ കൈവശം അനുസരിച്ച് സബ് ഡിവിഷൻ സർവെ ചെയ്തിരുന്നതുമാണ്. ജി.ഒ.(എം.എസ് 243/64 തീയതി 12/05/69 പ്രകാരം നിലവിലുള്ള കൈവശക്കാരുടെ മുൻഗാമികൾക്ക് 3 ഏക്കറിൽ നിജപ്പെടുത്തി പതിച്ച് കൊടുക്കാൻ ഉത്തരവായിരുന്നു. എന്നാൽ റീ സർവ്വെ സമയത്തെ പിശക് മൂലം പതിവ് നടപടികൾ യഥാസമയം പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ലാത്തതായി കാണുന്നു. സർക്കാർ ഉത്തരവ് (പി) 63/06/റവ തീയതി 03.02.05 പ്രകാരം കാർഷികാവശ്യത്തിന് മലയോരപ്രദേശങ്ങളിൽ ഒരു ഏക്കർ വരെയും മറ്റ് പ്രദേശങ്ങളിൽ 5 0 സെന്റ് വരെയും കൈവശ ഭൂമിക്ക് പട്ടയം അനുവദിക്കാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കുന്നിൻപ്രദേശമായ അയ്യമ്പുഴ പോലുള്ള വില്ലേജുകൾ ഹിൽടാക്ക് ആയി കണക്കാക്കിയിട്ടില്ലാത്തതും 5 0 സെന്റിൽ കൂടുതൽ കാർഷികാവശ്യത്തിനും 1 5 സെന്റിൽ കൂടുതൽ താമസാവശ്യത്തിനും പതിച്ച് നല്കുന്നതിന് തടസ്സമായി നിന്നിരുന്നതുമാണ്. എന്നാൽ ജി.ഒ(പി) നം. 37/2017/ആർ.ഡി തീയതി 15.06.2017 പ്രകാരം അയ്യമ്പുഴ വില്ലേജിനെ ഹിൽടാക്കിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് ലഭ്യമായിട്ടുണ്ട് എന്നാൽ ടി സ്ഥലത്തെ കൈവശക്കാരിൽ നിന്നും പതിവിനുള്ള വ്യക്തിഗത അപേക്ഷകൾ ലഭിച്ചിരുന്നില്ലാത്തതാണ് പാണ്ടുപാറ ഭാഗത്തെ നിലവിലെ കൈവശക്കാരോട് പതിവിനുള്ള അപേക്ഷകൾ നിശ്ചിത ഫോറത്തിൽ പ്രത്യേകം സമർപ്പിക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുള്ളതാണ്. ആയത് പ്രകാരം 1 1 0 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും ആയത് പരിശോധിച്ച് സ്കെച്ച് മഹസ്സർ, പ്രഫോർമ റിപ്പോർട്ട് അനുബന്ധരേഖകൾ എന്നിവ സഹിതം സമർപ്പിക്കുന്നതിന് വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നല്കിയിരുന്നതാണ്. അപേക്ഷാ വസ്തുക്കൾ വനഭൂമിയോട് ചേർന്നു വരുന്നതിനാലും, ഇത്രയധികം അപേക്ഷകളിൽ മഹസ്സർ തയ്യാറാക്കേണ്ടത് വലിയ ജോലി ഭാരമുള്ളതായതിനാൽ വില്ലേജ് ജീവനക്കാരെക്കൊണ്ട് മാത്രം സാധിക്കാത്തതാണെന്നും, ആയതിന് സർവ്വെയറും രണ്ട് ക്ലർക്ക്മാരും ഉൾപ്പെടുന്ന സ്പെഷ്യൽ ടീമിനെ നിയോഗിച്ച് തരണമെന്നഭ്യർത്ഥിച്ച് വില്ലേജ് ഓഫിസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും ആയത് തഹസീൽദാർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുള്ളതും ആയത് നടപടികളിലിരിക്കുന്നതുമാണ്.

**3, അങ്കമാലി മിനി സിവിൽ സ്റ്റേഷൻ സംബന്ധിച്ച്**

അങ്കമാലി മിനി സിവിൽ സ്റ്റേഷനിലെ മാലിന്യ നിർമാർജ്ജനം സംബന്ധിച്ചും ഓഫീസ് സമയത്തിന് മുമ്പും പിമ്പും സാമൂഹികവിരുദ്ധരുടെ താവളമായി മാറുന്നത് സംബന്ധിച്ചും മിനി സിവിൽ സ്റ്റേഷനിലെ വിവിധ ഓഫീസ് മേധാവികളുടെ കോ-ഓർഡിനേഷൻ കമ്മറ്റി വിളിച്ചു ചേർത്ത് ആവശ്യമായ നിർദ്ദേശങ്ങൾ നല്കിയിട്ടുള്ളതുമാണ് കൂടാതെ എക്സൈസ്, പോലീസ് വകുപ്പിലേയ്ക്ക് മേൽ വിഷയം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്

**6. പാറക്കടവ് വില്ലേജിൽ അംഗൻവാടികൾക്ക് ഭൂമി നൽകുന്നത് സംബന്ധിച്ച്**

പാറക്കടവ് ICDS ന് കീഴിൽ പ്രവർത്തിക്കുന്ന 1 6 7 അങ്കണവാടികളിൽ 2 8 എണ്ണം വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതായും ആയതിൽ ആലുവ താലൂക്കിന് കീഴിൽ 1 8 അങ്കണവാടികൾ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്നും, ടി അങ്കണവാടികൾ സ്ഥിതി ചെയ്യുന്ന പ്രദേശത്തായി പുറമ്പോക്ക് ഭൂമി ലഭ്യമാണെങ്കിൽ ആയത് അങ്കണവാടികൾക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അടുത്ത വില്ലേജ് ജനകീയ സമിതിയിൽ ടി വിഷയം സംബന്ധിച്ച് ചർച്ച ചെയ്യേണ്ടതും, അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള അംഗനവാടികളുടെ സമീപത്തായി പ്രസ്തുത ആവശ്യത്തിലേയ്ക്ക് അനുയോജ്യമായ പുറമ്പോക്ക് ഭൂമി ഉണ്ടോയെന്ന് അന്വേഷണം നടത്തുവാൻ വില്ലേജ് ഓഫീസറോട് നിർദ്ദേശിച്ചിട്ടുള്ളതാണ്.

നെടുമ്പാശ്ശേരി പഞ്ചായത്തിൽ പാറക്കടവ് 135 -ാം നമ്പർ അംഗനവാടി കെട്ടിടം നിർമ്മിക്കുന്നതിന് ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായ സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കിയതിൽ അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിന് ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ സ്ഥലം അനുവദിക്കണമെന്ന വിഷയം തൽക്കാലം പരിഗണിക്കേണ്ടതില്ല എന്ന് ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ 10. 11. 2023 തീയതിയിലെ ഐ ആർ 1/153/2020-ജവിവ നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

**7. മലയാറ്റൂർ വില്ലേജിലെ എഫ്.ഐ.റ്റി കുത്തകപാട്ട ഭൂമി സർക്കാർ സ്കൂളിന് കൈമാറാത്തത് സംബന്ധിച്ച്**

മലയാറ്റൂർ ഗ്രാമപഞ്ചായത്തിലെ ഇല്ലിത്തോട് ഗവൺമെന്റ് യുപി. സ്കൂളിന് കളി സ്ഥലം അനുവദിക്കുന്നതിലേക്ക് മലയാറ്റൂർ വില്ലേജ് ബ്ലോക്ക് 22, സർവെ നം. 22 ൽപ്പെട്ട 74.77 ആർ സർക്കാർ പുറമ്പോക്ക് വസ്തു സംബന്ധിച്ച് അനുബന്ധരേഖകൾ സഹിതം റിപ്പോർട്ട് സമർപ്പിക്കുന്നതിന് വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

**8. റവന്യൂ പുറമ്പോക്കിൽ കളിസ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച്**

അങ്കമാലി വില്ലേജ് ബ്ലോക്ക് 11 ൽ, റീസർ വ്വെ 53/12 ൽ പ്പെട്ട 2 1 സെൻറ് റവന്യൂ ഭൂമിയിൽ അങ്കമാലി നഗരസഭക്ക് കളിസ്ഥലവും, വിശ്രമമുറിയും നിർമ്മിക്കുന്നതിന് അനുമതി നൽകണമെന്ന് അങ്കമാലി നഗരസഭ സെക്രട്ടറി ആവശ്യപ്പെട്ടിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ അങ്കമാലി വില്ലേജ് ഓഫീസർ മുഖേന പരിശോധന നടത്തി റിപ്പോർട്ടു ലഭ്യമായിട്ടുള്ളതുമാണ്. ടി വസ്തു ബി.ടി.ആർ പ്രകാരം 'സർക്കാർ പാറമട' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും, ആയത് 8.80 ആർ (21.745 സെന്റ്) വിസ്തീർണം വരുന്നതുമാണ്. പീച്ചാനിക്കാട് സെന്റ് പീറ്റേഴ്സ് പള്ളിയിൽ നിന്നും ഉദ്ദേശം 3 0 0 മീറ്റർ പടിഞ്ഞാറ്, തെക്ക് മാറി സ്ഥിതി ചെയ്യുന്ന ടി വസ്തു നിലവിൽ നിരപ്പായതും, ചെറിയ ചെരിവോടു കൂടി കിടക്കുന്നതുമാണെന്നും, കളിസ്ഥലം വിശ്രമ മുറി എന്നിവ നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്നും വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ടി സ്ഥലത്തിന്റെ പടിഞ്ഞാറ്, വടക്ക് ഭാഗങ്ങളിൽ മുനിസിപ്പൽ റോഡും, കിഴക്ക്, തെക്ക് ഭാഗം പുരയിടവുമാണ്. അപേക്ഷാ വസ്തു പ്രസ്തുത ആവശ്യത്തിന് അനുയോജ്യമാണോയെന്നത് സംബന്ധിച്ച് ആലുവ തഹസീൽദാർ പരിശോധന നടത്തിയിട്ടുള്ളതും ബി.ടി.ആർ പ്രകാരം പുറമ്പോക്ക് (പാറമട) എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണെങ്കിലും നിലവിൽ ടി സ്ഥലത്തു പാറ ഇല്ലാത്തതും പുരയിട സ്വഭാവത്തിൽ ഉള്ളതായി കാണുന്നുവെന്നും കെട്ടിടങ്ങളോ, വിലപിടിപ്പുള്ള വൃക്ഷങ്ങളോ വെള്ളക്കെട്ടോ, നീരൊഴുക്കുകളോ അപേക്ഷാ സ്ഥലത്തും നിലവിലില്ലാത്തതുമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതും ആയത് സർക്കാരിലേക്ക് അറിയിച്ചിട്ടുള്ളതുമാണ്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.